പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 567** 1-12-2015 ൽ മറുപടിക്ക്

**ത്വരിത വ്യവസായ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.തോമസ് ഉണ്ണിയാടൻ**<br>**ശ്രീ.ടി.യു. കുരുവിള**<br>**ശ്രീ.സി.എഫ്.തോമസ്**<br>**ശ്രീ.മോൻസ് ജോസഫ്** | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ രംഗത്ത് വളർച്ച കൈവരിക്കുവാൻ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) പൊതുമേഖലാസ്ഥാപനങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിൻെറ ഭാഗമായി നൂതന സാങ്കേതിക വിദ്യനടപ്പിലാക്കൽ, ഉൽപ്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപണന മേഖലയുടെ വിപുലീകരണം, ഓൺലൈൻ വ്യാപാരം എന്നീ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇ-പേയ്മെൻറ് സംവിധാനത്തോടുകൂടിയ ഇ-പ്രൊക്യൂർമെൻറ് സംവിധാനം നടപ്പിലാക്കിയതുവഴി ഇടപാടുകളിൽ കൂടുതൽ സുതാര്യതയും മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.. |
| (ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ; | (ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യ ക്ഷമത വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി ഓരോ സ്ഥാപനത്തിൻെറയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദനസംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്നനടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതോടൊപ്പം തന്നെ വിപണി വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>നൂതനമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക മുഖേന ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വത്ക്കരണത്തിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും,കാലപ്പഴക്കം |

ചെന്ന മെഷിനറികളുടെ നവീകരണം നടപ്പിലാക്കിയും സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | പൊതുമേഖലാ സ്ഥാപനങ്ങൾ വഴി മൂല്യവർദ്ധിത ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് നടപടികൾ ഉണ്ടാകുമോ? | (സി) | മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ